DISPATCHED
On...15/02/22

4/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1830(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 15873/SIC-G4/2021)**

സന്നിഹിതൻ

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 4**

ശ്രീ. ജയാനന്ദൻ എൻ
S/o നാരായണൻ,
മംഗലശ്ശേരി, കട്ടയിൽ,
ഓടനാവട്ടം പി.ഒ., പിൻ – 691 512. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അണ്ടർ സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം.

2) അപ്പീൽ അധികാരി & ജോയിന്റ് സെക്രട്ടറി
അഡ്വൈസ് (ലിറ്റിഗേഷൻ),
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 25/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 27/04/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 27/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/11/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 30/11/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 03/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 27/12/2021 |
| ഹിയറിംഗ് നടന്ന തീയതി | 01/02/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | **ഹാജരായില്ല**<br>**ഹാജരായി** |

## ഉത്തരവ്

ശ്രീ. ജയാനന്ദൻ എൻ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ പെൻഷനും റിട്ടയർമെന്റ് ആനുകൂല്യങ്ങളും തടഞ്ഞു വച്ചുകൊണ്ടുള്ള ഉത്തരവിൽ പരാമർശിക്കുന്ന പെൻഡിംഗ് ഡിസിപ്ലിനറി ആക്ഷന്റെ ഫയൽ നമ്പർ, ഡിസിപ്ലിനറി ആക്ഷൻ നിലവിൽ വന്ന തീയതി, പരാതിയുടെ

പകർപ്പുകൾ എന്നിവ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ അപ്പീൽ സമർപ്പിച്ചു എന്നും ആയതിന് മറുപടി ലഭിച്ചെങ്കിലും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭിച്ചിട്ടില്ലെന്നും ആയതിനാൽ അപേക്ഷയിലെ വിവരങ്ങൾ ലഭ്യമാക്കണമെന്നും വിവരങ്ങൾ മറച്ചു വച്ചതിന് ഉത്തരവാദികളായവർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 25.03.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, 12.2.2021-ലെ ACI(2)50046/2018-KPSC നമ്പർ നടപടി ക്രമത്തിലെ താഴെ പറയുന്ന വിവരങ്ങളും രേഖകളും നൽകണമെന്നാണ്.

1) മേൽപ്പടി ഉത്തരവിൽ പറയുന്ന അച്ചടക്ക നടപടികൾ സംബന്ധിച്ച ഫയൽ നമ്പർ നൽകണമെന്നും
2) മേൽപ്പടി അച്ചടക്ക നടപടി പ്രാബല്യത്തിൽ വന്ന തീയതി വ്യക്തമാക്കണമെന്നും
3) മേൽപ്പടി ഉത്തരവിൽ പറഞ്ഞിരിക്കുന്ന അച്ചടക്ക നടപടിക്ക് ആധാരമായ ആരോപണത്തിന്റെയും/ഹർജിയുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 27.04.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ മുൻപ് വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടതിൻ പ്രകാരം നൽകിയിട്ടുണ്ടെന്നും ആയതിലുപരിയായി വിവരങ്ങളൊന്നും നൽകുവാൻ നിർവ്വാഹമില്ലെന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത് ടിയാന്റെ അപേക്ഷയ്ക്ക് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിന്മേൽ 27.4.2021 തീയതിയിലെ IDS1(4)/1661/2021/GW നമ്പർ കത്ത് പ്രകാരം എസ്.പി.ഐ.ഒ. വിവരം നൽകിയിട്ടുള്ളതാണെന്നും അപ്പീലിന്മേൽ മറ്റ് നടപടികൾ ശേഷിക്കാത്തതിനാൽ അപ്പീൽ തീർപ്പാക്കുന്നുവെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരനായ ശ്രീ. ജയാനന്ദൻ എൻ.ന് എതിരെയുള്ള അച്ചടക്കനടപടി സംബന്ധിച്ച ഫയൽ നമ്പർ, തീയതി, അച്ചടക്കനടപടിക്ക് ആധാരമായ ആരോപണം/പരാതിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവയാണ് പ്രാഥമിക വിവരാവകാശ അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ടിരുന്നതെന്നും ടി വിവരങ്ങൾ എല്ലാം ഹർജിക്കാരന്റെ തന്നെ മുൻ വിവരാവകാശ അപേക്ഷകൾ പ്രകാരം നൽകിയിട്ടുള്ളതാണെന്നും ആയതിലുപരിയായ വിവരങ്ങൾ ഒന്നും

നൽകാൻ നിർവ്വാഹമില്ലെന്നും ആയത് ടിയാനെ അറിയിച്ചിരുന്നു എന്നും മറുപടി കത്തിൽ സൂചനയായി നൽകിയിരുന്ന തീയതികൾ 12.4.2021, 7.4.2021 എന്നത് ടൈപ്പിംഗിൽ വന്ന തെറ്റായിരുന്നു എന്നും ആയവ യഥാക്രമം 3.4.2021, 25.3.2021 എന്നതായിരുന്നു എന്നും, അപേക്ഷയ്ക്ക് മറുപടി ലഭ്യമായില്ലെന്നറിയിച്ച് 27.10.2021–ന് ഏഴ് മാസങ്ങൾക്ക് ശേഷം അപ്പീലധികാരി മുമ്പാകെ അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന് അപ്പീൽ അധികാരി 24.11.2021 തീയതിയിലെ കത്ത് പ്രകാരം വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും കൂടാതെ ടിയാൻ പ്രാഥമിക വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ട വിവരങ്ങൾ മുൻപ് സമർപ്പിച്ചിരുന്ന വിവരാവകാശ അപേക്ഷകളുടെ മറുപടിയായി നൽകിയിട്ടുള്ള വിവരങ്ങളാണെന്നും 15.2.2020 തീയതിയിലെ IDS I(4)256/2020/GW നമ്പർ കത്തിലും 8.6.2020 തീയതിയിലെ IDS I(1)904/2020/GW-Appeal നമ്പർ കത്തിലും അച്ചടക്ക നടപടി സംബന്ധിച്ച ഫയൽ നമ്പർ സൂചിപ്പിച്ചിട്ടുള്ളതാണെന്നും SS(1)265/2011 എന്നതാണ് ഫയൽ നമ്പറെന്നും അച്ചടക്ക നടപടിക്ക് ആധാരമായ ആരോപണം/പരാതിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പിന് മറുപടിയായി 15.2.2020–ലെ IDS I(4)256/2020/GW നമ്പർ കത്തിൽ ചോദ്യം 1 എ യ്ക്കുള്ള മറുപടിയിൽ പരാതികളുടെ പകർപ്പ് നൽകുന്നതിന് നിർവ്വാഹമില്ലെന്നു അറിയിച്ചിരുന്നു എന്നും ശ്രീ. ജയാനന്ദൻ എൻ 23.6.2014 തീയതിയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 2.7.2014–ലെ ഉത്തരവ് പ്രകാരം (ഫയൽ നമ്പർ SS(1)265/2011) പെരുമാറ്റ ചട്ടങ്ങളുടെ ലംഘനത്തിന്റെ പേരിലും മേലധികാരിയെ ധിക്കരിച്ചതിന്റെ പേരിലും 2.7.2014–ന് സസ്പെൻഡ് ചെയ്തിരുന്നു എന്നും ശ്രീ. ജയാനന്ദന്റെ തന്നെ പരാതിയിന്മേലാണ് നടപടി ഉണ്ടായതെന്നതിനാൽ പകർപ്പ് നൽകുന്നതിനും നിർവ്വാഹമില്ലെന്ന വിവരം അറിയിച്ചിരുന്നു എന്നും മേൽ വിവരങ്ങൾ അറിയിച്ചിട്ടുള്ളതിനാലാണ് 3.4.2021 തീയതിയിൽ ലഭ്യമായ പ്രാഥമിക വിവരാവകാശ അപേക്ഷയിന്മേൽ അപ്രകാരം മറുപടി നൽകിയതെന്നും കൂടാതെ അപ്പീൽവാദിയെ സംബന്ധിക്കുന്ന എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിലെ ഫയൽ ടിയാൻ 7.2.2020 തീയതിയിൽ നേരിട്ടെത്തി പരിശോധിച്ച് പകർപ്പുകൾ കൈപ്പറ്റിയിട്ടുള്ളതാണെന്നുമാണ്

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ടിയാന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ടിയാൻ പലവട്ടം എതിർകക്ഷി ഓഫീസിൽ നിന്നും ആവശ്യപ്പെട്ടിരുന്ന അതേ വിവരങ്ങൾ തന്നെയാണെന്നും ആയതിനാലാണ് അപേക്ഷകന്റെ 6(1) വകുപ്പ് പ്രകാരമുള്ള അപേക്ഷയ്ക്ക് മുൻപ് നൽകിയതിൽ കൂടുതൽ വിവരങ്ങൾ നൽകാൻ ഇല്ലായെന്ന്

മറുപടി നൽകാൻ ഇടയായതെന്ന് കാണുന്നു. എന്നാൽ ടി മറുപടി വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല. വിവരാവകാശ നിയമപ്രകാരം ഫീസ് ഒടുക്കി അപേക്ഷ സമർപ്പിച്ചാൽ ബന്ധപ്പെട്ട പൊതു അധികാരിയുടെ കൈവശമുള്ളതോ, അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ സമയബന്ധിതമായി നൽകാൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ബാധ്യസ്ഥനാണ്. ആയത് ഒരിക്കൽ നൽകിയ വിവരമാണെന്നതിനാൽ നിഷേധിക്കാൻ പി.ഐ.ഒ.യ്ക്ക് അധികാരമില്ല. അപേക്ഷകൻ ആവശ്യപ്പെട്ട മറുപടി ഒന്നാം എതിർകക്ഷി നൽകിയിരുന്നുവെങ്കിൽ അപേക്ഷകന് ഒന്നും രണ്ടും അപ്പീലുകൾ സമർപ്പിക്കേണ്ടി വരുമായിരുന്നില്ല. ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ/പകർപ്പുകൾ 15.2.2022–നകം ഒന്നാം എതിർകക്ഷി സൗജന്യമായി അയച്ചു നൽകണമെന്നും, ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ, ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് ഹർജിക്കാരന് ഒന്നാം എതിർകക്ഷി ഒരിക്കൽ കൂടി അവസരം നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 4–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി